# എയിഡഡ് സ്കൂൾ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്നതിനു പിന്നിലെ ഗൂഢാലോചന തിരിച്ചറിയണം

സംസ്ഥാനത്തെ എയിഡഡ് സ്കൂൾ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്നുള്ള ആവശ്യം ചിലർ ഉയർത്തിപ്പിടിക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായി. അതുവഴി തങ്ങൾക്ക് കൂടുതൽ നേട്ടം ഉണ്ടാക്കാമെന്നു ചിന്തിക്കുന്ന ഒരു വിഭാഗത്തിന്റെ ഗൂഢാലോചനയുടെ ഭാഗമായി വേണം ഇതിനെ കാണുവാൻ. എയിഡഡ് സ്കൂളുകളിലെ നിയമനം പി.എസ്.സിക്ക് വിട്ടാൽ അവിടെ സംവരണം നടപ്പാക്കേണ്ടിവരും. അതിലൂടെ, സംവരണസമുദായങ്ങളിലെ പ്രബലവിഭാഗങ്ങളായ തങ്ങൾക്കുതന്നെയാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത് എന്നകാര്യം ഈ ആവശ്യം ഉന്നയിക്കുന്നവർക്കറിയാം.

അതിന് ആക്കം കൂട്ടുന്നതിനു വേണ്ടിയാണ് 'ഞങ്ങളുടെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ എല്ലാം പി.എസ്.സി.ക്ക് വിട്ടുനല്കാൻ തയ്യാറാണ്' എന്ന വാഗ്ദാനം അവർ മുന്നോട്ടുവച്ചിരിക്കുന്നത്. ഇക്കൂട്ടരുടെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്കു വിട്ടുകൊടുത്താലും, ആ സ്ഥാപനങ്ങൾ കൂടാതെ സംസ്ഥാനമൊട്ടുക്കുള്ള എല്ലാ എയിഡഡ് സ്കൂളുകളിലും നടക്കുന്ന നിയമനങ്ങളിൽ ഏറിയ പങ്കും സംവരണത്തിലൂടെ അവർക്കുതന്നെ ലഭിക്കും എന്നുള്ളതാണ് അവരുടെ കാഴ്ചപ്പാട്.

ഈ നിലപാട് എയിഡഡ് മേഖലയിലെ വിദ്യാലയങ്ങളുടെ പുരോഗതിക്കോ നിലനില്പിനോ ഉപകരിക്കുകയില്ല. മറിച്ച്, ദോഷകരമായി ബാധിക്കുകയും ചെയ്യും എന്നുള്ളതാണ് യാഥാർത്ഥ്യം.

സംസ്ഥാനത്ത് എയിഡഡ് സ്കൂളുകൾ ഉണ്ടാകാനുള്ള ചരിത്രപശ്ചാത്തലമാണ് ഈ അവസരത്തിൽ ഓർമ്മിക്കേണ്ടത്. എല്ലാവർക്കും പൊതുവിദ്യാഭ്യാസം നൽകുക എന്ന ചുമതല ഭരണഘടനാപരമായി ഗവണ്മെന്റിനു വന്നുചേർന്നപ്പോൾ, അത് പൂർണ്ണമായും നിറവേറ്റുന്നതിനുള്ള ശേഷി അന്ന് ഗവണ്മെന്റിനുണ്ടായിരുന്നില്ല. ആ സാഹചര്യത്തിൽ മത-സാമുദായികസംഘടനകൾ അടക്കമുള്ള മാനേജ്മെന്റുകളെ സമീപിച്ച് അവരുടെ വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ആ ബാദ്ധ്യത ഗവണ്മെന്റ് നിറവേറ്റുകയായിരുന്നു. അങ്ങനെയുള്ള വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ കുറ്റമറ്റതായി നിലനിർത്താൻ ഇന്നും മാനേജ്മെന്റുകൾ ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നുണ്ട്. അന്ന് ഗവണ്മെന്റും മാനേജ്മെന്റുകളും തമ്മിലുണ്ടാക്കിയ ധാരണ, മാനേജ്മെന്റുകൾ ഭൗതികസാഹചര്യങ്ങൾ ക്രമപ്പെടുത്തുകയും ജീവനക്കാർക്ക് ശമ്പളം സർക്കാർ നൽകുകയും ചെയ്യും എന്നുള്ളതായിരുന്നു.

ഈ ചരിത്രസത്യം പലപ്പോഴും ഗവണ്മെന്റിന്റെ വിദ്യാഭ്യാസനയരൂപീകരണത്തിൽ പോലും വിസ്മരിക്കപ്പെടുന്നു. സർക്കാർസ്കൂളുകൾക്കാകട്ടെ, മുഴുവൻ ഭൗതികസൗകര്യങ്ങളും ജീവനക്കാർക്കുള്ള ശമ്പളവും ഗവണ്മെന്റ് നൽകിവരുമ്പോൾ എയിഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളവും നാമമാത്രമായ മെയിന്റനൻസ് ഗ്രാന്റും മാത്രമാണ് നല്കുന്നത്.

കൂടാതെ സർക്കാരുകളുടെ ഓരോ സമയത്തുള്ള വിദ്യാഭ്യാസനയമനുസരിച്ച് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സാമ്പത്തികബാദ്ധ്യതയും മാനേജുമെന്റുകൾ ഏറ്റെടുത്തുവരുകയാണെന്നുള്ള യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ.

വ്യവസ്ഥാപിതമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന മാനേജുമെന്റുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ ഈ രാജ്യത്ത് നിയമമുണ്ട്. ആവശ്യമെങ്കിൽ അത് നടപ്പാക്കുകയാണ് വേണ്ടത്. അല്ലാതെ, മാനേജുമെന്റുകളെ അടച്ചാക്ഷേപിക്കുവാനോ അതിന്റെ പേരിൽ ഇത്തരം മുതലെടുപ്പുനടത്താനോ ശ്രമിക്കുന്നത് ശരിയല്ല.